K25FY3582 Pages: 2 Reg No:.....
Name:.....

# Third Semester FYUGP Degree (Reg) Examination November 2025

## KU3DSCMAL201 - NOVELUM NOVEL VAYANAKALUM

2024 Admission onwards

Time : 2 hours Maximum Marks : 70

### Section A

**Answer any 6 questions. Each carry 3 marks.**

1. ഏഴഴപൂക്കൾ തിങ്ങി നിന്ന് ഏകപുഷ്പം എന്ന് തോന്നിക്കുന്ന പൂങ്കുല പോലെയാണിത് - ഏത് നോവലിനെയാണ് ഇങ്ങനെ വിശേഷിപ്പിക്കുന്നത്, കാരണം എന്താണ് ?

2. സുന്ദരികളും സുന്ദരന്മാരും എന്ന നോവലിലെ കഥ നടക്കുന്ന പ്രദേശം ഏതാണ്, ഏതൊക്കെ ചരിത്ര സംഭവങ്ങളാണ് കഥയുടെ പശ്ചാത്തലമായി വരുന്നത്?

3. ജന്മാന്തരങ്ങളുടെ പകപോക്കാനായി കുട്ടികൾ ഇപ്പോഴും ഓന്തിനെ കൊട്ടപ്പാല് കുടിപ്പിക്കുന്ന - തുമ്പികളെ കുറിച്ചും ഓന്തുകളെ കുറിച്ചുമുള്ള ഖസാക്കിലെ കുട്ടികളുടെ വിശ്വാസങ്ങൾ എന്തൊക്കെയാണ്?

4. കാലം മയ്യഴിയിൽ അവതരിപ്പിച്ച നാടകത്തിലെ ഒരു പ്രധാന വേഷക്കാരനായിരുന്ന അച്ചു - 'മയ്യഴിപ്പുഴയുടെ തീരങ്ങളിലെ' അച്ചു എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

5. പഠനത്തോടുള്ള അടങ്ങാത്ത അഭിനിവേശം ദാസൻ കുട്ടിക്കാലത്ത് തന്നെ പ്രകടിപ്പിച്ചിരുന്നു. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിൽ നിന്നും തെളിവുകൾ കണ്ടെത്തുക.

6. കഥാനായകനായ മാധവമേനവനെ കുറിച്ച് കേട്ടിട്ടുള്ള ഒരാക്ഷേപം കുറഞ്ഞൊന്നു വിമർശിക്കേണ്ടതുണ്ട് - 'ഇന്ദുലേഖ'യിലെ നായകനെ കുറിച്ച് എം.പി പോൾ സൂചിപ്പിക്കുന്ന പ്രസ്തുത ആക്ഷേപം എന്താണ്?

7. "ഇന്ദുലേഖ എന്റെ സ്നേഹത്തിന് എനിമേൽ യോഗ്യയല്ല. ഞാനവളെ വെറുക്കുന്നു." ആരുടെ വാക്കുകൾ ? സന്ദർഭം ഏത്?

8. എന്താണവൻ മിണ്ടാത്തത്? എറുമ്പുകളെക്കണ്ടു പേടിച്ചായിരിക്കും!. അവൾ പറഞ്ഞു: 'ഓ മിശറ് കടിക്കുവല്ലോ!'- 'ബാല്യകാല സഖി'യിലെ കഥാ സന്ദർഭം കണ്ടെത്തി എഴുതുക.

### Section B

**Answer any 4 questions. Each carry 6 marks.**

9. ഖസാക്കിന്റെ ഇതിഹാസത്തിൽ മാധവൻ നായർക്ക് അപ്പുക്കിളിയോടുള്ള സ്നേഹം തീർത്തും നിസ്വാർത്ഥമാണെന്ന് വിലയിരുത്താമോ ? പരിശോധിക്കുക.

10. "ഒക്കെ ഒര് യോഗാ , മാഷേ! അല്ലെങ്കിൽ മാഷെന്തിനാ ഇവിടെ വന്നെത്ത്യത്?" രവിക്ക് ഖസാക്ക് ഒരു വഴിയമ്പലം മാത്രമായിരുന്നോ? വിശകലനം ചെയ്യുക.

11. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിലെ പരാജയപ്പെട്ട കാമനകളുടെ പ്രതീകങ്ങളിൽ ഒരാളാണ് വൈസ്രവണൻ ചെട്ടിയാർ എന്ന കഥാപാത്രം - വിശകലനം ചെയ്യുക.

12. 'ഇന്ദുലേഖ'യിലെ കേശവൻ നമ്പൂതിരി എന്ന കഥാപാത്രത്തെ നിരൂപണ ദൃഷ്ട്യാ പരിശോധിക്കുക.

13. ആഗ്രഹങ്ങൾ, കടമകൾ മജീദിനെ ധീരയോടെ മുന്നോട്ട് നയിച്ചു - ബാല്യകാല സഖി എന്ന നോവലിൽ മജീദിനെ മുന്നോട്ട് നയിക്കുന്ന ഭാവിയും പ്രതീക്ഷയും സുഹ്റയാണ്. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

14. 'ബാല്യകാല സഖി' പണ്ടേ പഴകിക്കഴിഞ്ഞ പ്രണയത്തിന്റെ മറ്റൊരു ഭാഷ്യം മാത്രമാണ് - പ്രസ്താവനയോട് പ്രതികരിച്ച് കുറിപ്പ് തയ്യാറാക്കുക.

## Section C

**Answer any 2 questions. Each carry 14 marks.**

15. മീശ എന്ന നോവലിൽ കുട്ടനാട് എന്ന പ്രദേശം അമൂർത്താവസ്ഥയിലല്ല പ്രത്യക്ഷപ്പെടുന്നത്, മറിച്ച് ഏറ്റവും മൂർത്തമായ ഭൗമയാഥാർത്ഥ്യമായാണ് - കുട്ടനാട് എന്ന ജൈവാനുഭവത്തെ എസ്. ഹരീഷ് എങ്ങനെയാണ് ചിത്രീകരിക്കുന്നത്? ഡോ. ടി. ടി. ശ്രീകുമാറിന്റെ പഠനത്തെ മുൻനിർത്തി വിശദീകരിക്കുക.

16. ജീവനുള്ള ഓർമ്മകളാണ് കഥകൾ. ചരിത്രമാകട്ടെ ചത്ത കഥകളും - ചരിത്രത്തേക്കാൾ കഥകളെയും സംഭവങ്ങളെക്കാൾ ഓർമ്മകളെയും വിശ്വസിക്കുന്ന ആഖ്യാനമാണ് 'മീശ' - വിശദീകരിക്കുക.

17. മഞ്ഞ് എന്ന നോവലിൽ നൈനിറ്റാൾ എന്ന പശ്ചാത്തലം കേവലം ഒരു കഥാ ഭൂമികയല്ല, മറിച്ച് കഥാപാത്രങ്ങളുടെ മാനസികാവസ്ഥയുടെ പ്രതീകമാണ്. മഞ്ഞിലെ സ്ഥലപരമായ പ്രതീകാത്മകതയെ വിശകലനം ചെയ്യുക.

SIR SYED COLLEGE
CENTRAL LIBRARY